"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ.ചന്ദ്രപ്രസാദ്.കെ.കെ. (പെൻ - 123636) — യുടെ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ ലീഗൽ ഓഫീസർ തസ്തികയിലുള്ള അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.17/2026/ENVT തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:-
1. 16.01.2026 തീയതിയിലെ AD-I(1)/421/2025-LAW നമ്പർ നിരാക്ഷേപ പത്രം.
2. നിയമ (ഭരണ-I) ഡെപ്യൂട്ടി സെക്രട്ടറിയുടെ 21.01.2026 തീയതിയിലെ AD-I(1)/421/2025-LAW അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ്**

സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ ലീഗൽ ഓഫീസർ തസ്തികയിൽ അന്യത്ര സേവനം അനുഷ്ഠിച്ചു വരുന്ന നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ.ചന്ദ്രപ്രസാദ്.കെ.കെ. (പെൻ - 123636) - യുടെ അന്യത്ര സേവന കാലാവധി 04-02-2026-ൽ അവസാനിച്ചതിനാൽ, ടിയാളുടെ അന്യത്ര സേവന കാലാവധി 05.02.2026 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് പരാമർശം (2) കുറിപ്പ് പ്രകാരം നിയമ (ഭരണ-I) ഡെപ്യൂട്ടി സെക്രട്ടറി, പരാമർശം (1) നിരാക്ഷേപ പത്രം സഹിതം സർക്കാരിനോട് ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ.ചന്ദ്രപ്രസാദ്.കെ.കെ.(പെൻ - 123636) — യുടെ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിലെ ലീഗൽ ഓഫീസർ തസ്തികയിലുള്ള അന്യത്ര സേവന കാലാവധി 05.02.2026 മുതൽ ഒരു വർഷത്തേക്കോ റഗുലർ നിയമനം നടക്കുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ, ദീർഘിപ്പിക്കുന്നതിന് നിലവിലുള്ള അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

3. അന്യത്ര സേവന കാലാവധിക്കുള്ളിൽ ശ്രീ. ചന്ദ്രപ്രസാദ്.കെ.കെ.- യ്ക്ക് പ്രൊമോഷൻ ലഭിക്കുകയാണെങ്കിലോ, കാലാവധിയ്ക്കുശേഷം അന്യത്ര സേവനം ദീർഘിപ്പിച്ച് സർക്കാരിൽ നിന്നും അനുമതി ലഭ്യമായില്ലെങ്കിലോ ടിയാൾ അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കേണ്ടതും, അല്ലാത്തപക്ഷം കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1-ലെ ചട്ടം 140 (സി) പ്രകാരം ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതും, ടി കാലയളവ് പെൻഷൻ, വാർഷിക വേതന വർദ്ധനവ് എന്നിവയ്ക്ക് പരിഗണിക്കാതിരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UNNIKUTTAN S S
അണ്ടർ സെക്രട്ടറി

1. ഡെപ്യൂട്ടി സെക്രട്ടറി, നിയമ (ഭരണ-I) വകുപ്പ്.

2. അഡ്മിനിസ്ട്രേറ്റർ, സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി

3. ശ്രീ. ചന്ദ്രപ്രസാദ്.കെ.കെ., ലീഗൽ ഓഫീസർ, (സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി അഡ്മിനിസ്ട്രേറ്റർ മുഖേന).

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ്റ് ജനറൽ, (ആഡിറ്റ് / എ & ഇ), കേരള

5. ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ENVT-A1/15/2026-ENVT).

ഉത്തരവിൻ പ്രകാരം

Signed by Royi J
Date: 10-03-2026 11:47:24

സെക്ഷൻ ഓഫീസർ